Volume- 07
Issue- 23
30 October 2016

എമ്മാവൂസ്
# വചനദൂത്

പള്ളിക്കൂദാശകാലം ഒന്നാം ഞായർ മത്താ 20:1-16

# നിനക്ക് ആരാണ് ക്രിസ്തു?



Bro. Jerin Pullattu MCBS

ഇന്നത്തെ വചനത്തിൽ ഈശോ രണ്ട് ചോദ്യങ്ങൾ ചോദിക്കുകയാണ്. ഞാനരാണെന്നാണ് നിങ്ങൾ പറയുന്നത്. ഞാനാരാണെന്നാണ് ജനങ്ങൾ പറയുന്നത്? ഈശോ ഈ ചോദ്യം ചോദിക്കുന്ന കേസറിയാ- ഫിലിപ്പി പ്രദേശത്തിന് ഒരു പ്രത്യേകതയു്. വിജാതീയ ദൈവങ്ങളുടെ അമ്പലങ്ങളും, ആരാധനാലയങ്ങളും, വിഗ്രങ്ങളും കൊ് നിറഞ്ഞിരിക്കുന്ന ഒരു സ്ഥലമാണ് കേസറിയ- ഫിലിപ്പി. ഇങ്ങനെ പല ദൈവങ്ങളുടെ പിറകെ നടക്കുന്ന ഒരു ജനതയയുടെ ഇടയിൽ നിന്നാണ് ഈശോയുടെ ഈ ചോദ്യം.

സഭയുയെ പ്രഥമതലവനായ പത്രോസ് ശ്ലീഹാ, അനവധി ദേവന്മാരിൽ വിശ്വസിക്കുന്ന ജനങ്ങളുടെ മുമ്പിൽ വച്ച് ഈശോ മാത്രമാണ് ദൈവപുത്രനെന്ന് ഏറ്റു പറഞ്ഞുകൊ് സഭയുടെ നിലപാട് വ്യക്തമാക്കുന്നു. പത്രോസ്ശ്ലീഹാ വ്യക്തമാക്കിയ ഈ നിലപാടിൽ അടിസ്ഥിതമാണ്. നാം ഇന്ന് ജീവിക്കുന്ന തിരുസഭ. വ്യക്തിപരമായി നമ്മോട് തന്നെ ഒരു ചേദ്യം ചോദിക്കാൻ ഇന്നത്തെ സുവിശേഷഭാഗം നമ്മോട് ആഹ്വാനം ചെയ്യുകയാണ്. അതായത് വ്യക്തിപരമായ എന്റെ ജീവിതത്തിൽ ക്രിസ്തു എനിക്ക് ആരാണ്?



ഇങ്ങനെ ഈശോ ദൈവപുത്രനാണെന്ന് തങ്ങളുടെ ജീവിതത്തിലൂടെ കാണിച്ചു തന്ന അനേകം പേർ നമുക്കു ചുറ്റുമു്. അതിൽ ഒരാളു് ലാറ്റിനമേരിക്കൻ രാജ്യമായ എൽ സൽവദോറിലെ ആർച്ചുബിഷപ്പായിരുന്ന ഒസ്കാർ റൊമേരോ. രാജ്യത്ത് ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ട സമയത്ത് അദ്ദേഹം പാവങ്ങളുടെ പക്ഷംചേർന്ന് അവർക്കുവേി പ്രവർത്തിച്ചു. തത്ഫലമായി വിശുദ്ധ ബലിമദ്ധ്യേ അദ്ദേഹത്തെ പട്ടാളം വെടിവച്ചുകൊന്നു. യേശുക്രിസ്തു ആരാണെന്നുള്ള ചോദ്യത്തിന് തന്റെ ജീവിതത്തിലൂടെ ഉത്തരം കത്തിയ ഒരു വ്യക്തിയാണ് ഓസ്കർ റൊമേരോ. ഇതുപോലെ നമ്മുടെ ജീവിതത്തിലും ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഉള്ള സമയത്തുപോലും ക്രിസ്തു എന്റെ എല്ലാമെന്ന് ലോകത്തോട് വിളിച്ചുപറയാൻ കഴിയണം.

ആധുനിക കാലഘട്ടത്തിൽ നാം കാണുന്ന ഒരു പ്രത്യേകതയാണ് അനവധി പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളുടെ സാന്നിധ്യം. ഇവർക്ക് ക്രിസ്തുവിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വ്യത്യസ്തങ്ങളാണ്. സ്വന്തം സൗകര്യപ്രകാരം ക്രിസ്തുവിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വളച്ചൊടിച്ചിരിക്കുകയാണ്. ഇവർ ഇന്നത്തെ വചനം പറയുന്നു സഭയോട് ചേർന്ന് ജീവിക്കുമ്പോഴാണ് നാം സത്യദൈവത്തിലേക്ക് എത്തിച്ചേരുന്നത് നമ്മുടെ പല കത്തോലിക്കാ കുടുംബങ്ങൾക്കും പറ്റാറുള്ള ഒരു പാളിച്ചയാണ് സുഖസൗകര്യങ്ങൾക്കുവേി സത്യവിശ്വാസം ഉപേക്ഷിച്ച് പലവിഭാഗങ്ങളുടെയും പുറകെ പോകുക എന്നത്. എന്നാൽ പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും അവ രൂപം പ്രാപിച്ചിട്ട് അധികം വർഷങ്ങളായിട്ടില്ല. എന്നിട്ടും ഈ ചുരുങ്ങിയ കാലഘട്ടത്തിൽ തന്നെ അവരനവധി വിഭാഗങ്ങളായി ചിതറിക്കപ്പെട്ടു. എന്നാൽ പരിശുദ്ധാത്മാവിനാൽ നയിക്ക

പ്പെടുന്ന തിരുസഭ മാത്രമേ എന്നും നിലനിൽക്കുന്ന തായി നാം കാണുന്നുള്ളൂ. കാരണം കത്തോലിക്കാസഭ രൂപം പ്രാപിച്ചത് ആരുടെയും വ്യക്തിതാൽപര്യങ്ങൾ നിറവേറ്റാൻ വേിയല്ല. മറിച്ച് ഈശോയോടുള്ള ഐക്യ ത്തിലും സഭയുടെ പാരമ്പര്യങ്ങളിലും വേരൂന്നിയാണ് സഭ നിലനിൽക്കുന്നത്. ദൈവം സഭയിൽ ഒന്നാമത് അപ്പസ്തോലന്മാരേയും രാമത് പ്രവാചകന്മാരേയും മൂന്നാമത് പ്രബോധകരെയും തുടർന്ന് അത്ഭുതപ്ര വർത്തകർ, രോഗശാന്തി നൽകുന്നവർ, സഹായകർ, ഭരണകർത്താക്കൾ, വിവിധ ഭാഷകളിൽ സംസാരിക്കു ന്നവർ എന്നിവരെയും സൃഷ്ടിച്ചിരിക്കുന്നു (1കോറി 12:28). നമുക്ക് ഉറപ്പിക്കാം, അവ അപ്പസ്തോലന്മാരിലൂ ടെയും സഭയുടെ വിശ്വാസ പാരമ്പര്യങ്ങളിലൂടെയും അടിസ്ഥാനമുറപ്പിച്ചിട്ടുള്ളതാണ്. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്ന ഈശോ യുടെ ഉറപ്പ് സഭയ്ക്ക് എന്നും സംരക്ഷണമാണ്.

ക്രൈസ്തവരായ നാമോരുരുത്തരുടെയും ശ്രദ്ധ യിൽ ഉാകേ ഒരുകാര്യമാണ് നമ്മുടെ ജീവിതങ്ങൾ സഭ യോട് ചേർന്ന് നിന്നുകൊുള്ളതാവണം എന്നത്. സഭയു ടേയും സഭാധികാരികളുടെയും നിർദ്ദേശങ്ങൾ വെറുതേ തള്ളിക്കളയേതല്ല മറിച്ച് സഭയോട് കൂറുപു ലർത്തി ജീവിക്കുമ്പോഴാണ് നമുക്ക് ക്രിസ്തുവിനെ തിരിച്ചറിയാൻ സാധിക്കുന്നത്. ക്രിസ്തീയ ജീവിത ത്തിൽ നാം അനുഷ്ഠിക്കേ അനേകം കാര്യങ്ങൾ സഭ പറഞ്ഞിട്ടു്. വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം മറ്റു കൂദാശകൾ, ഉപവാസം, കുടുംബപ്രാർത്ഥനകൾ ഇവയൊക്കെ സഭയിലൂടെ നമ്മെ ദൈവത്തിലേക്ക് അടുപ്പിക്കാൻ സഹായിക്കുന്ന ഉപാധികളാണ്. സഭ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധപുലർത്തുന്ന ക്രിസ്തീയ കുടംബങ്ങൾക്കും വ്യക്തികൾക്കും പ്രലോ ഭനങ്ങളെ എതിരിടാനുള്ള ശക്തി സഭയിലൂടെതന്നെ ലഭ്യമാകുന്നു.

നാം പള്ളിക്കൂദാശ കാലഘട്ടത്തിന്റെ ഒന്നാമത്തെ ആഴ്ചയിലേക്ക് കടന്നിരിക്കുകയാണല്ലോ. ആരാധന ക്രമവത്സരത്തിലെ അവസാനത്തെ ഈ ആഴ്ചകളിൽ ഈശോ തന്റെ മണവാട്ടിയായ തിരുസഭയെ പിതാ വായ ദൈവത്തിന് സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഈ കാലഘട്ടത്തിൽ സഭയുടെ മഹത്വത്തെയും ശ്രേഷ്ഠതയെക്കുറിച്ചും വിചിന്തനം ചെയ്യേതുമാണ്. കൂടാതെ, സഭയോടും സഭയുടെ അധികാരികളോടും ചേർന്നുനിന്നുകൊ് ദൈവവുമായുള്ള ഐക്യം പുന ഃസ്ഥാപിക്കാൻ നമുക്കെല്ലാം കഴിയട്ടെ. വി. സിപ്രി യാൻ പറയുന്നു തിരുസഭ നിനക്കു മാതാവല്ലെങ്കിൽ ദൈവം നിനക്ക് പിതാവായിരിക്കുകയില്ല." സഭയോട് ചേർന്നുനിന്നുകൊ് ക്രിസ്തു എനിക്കാരാണെന്നുള്ള ബോധ്യം നമ്മുടെ ഉള്ളിലും വളർത്തിയെടുക്കാൻ നമുക്ക് സാധിക്കട്ടെ.

ഇന്നലെയുായ ഒരു വിഭാഗം സമൂഹത്തിനിടയിൽ അത്ഭുതം നടന്നു എന്ന് കേട്ടതിന്റെ പേരിൽ അവരുടെ പിന്നാലെ പോയാൽ അവിടെ നീ യഥാർത്ഥ ക്രിസ്തു വിനെയല്ല അനുഭവിക്കുന്നത്. ഞാൻ നയിക്കുന്ന ക്രിസ്തീയ ജീവിതശൈലി എന്തിനുള്ളതാണെന്നു മനസ്സിലാക്കണമെങ്കിൽ നാം സഭയോടു ചേർന്നുള്ള ജീവിതശൈലി നമ്മിൽ രൂപാന്തരപ്പെടുത്തണം. അതു പോലെതന്നെ തിരുസഭയ്ക്കുവേി പ്രാർത്ഥിക്കാനും അവളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും നമുക്ക് സാധിക്കട്ടെ. ഏറ്റം പ്രത്യേകമായി സഭ നിർദ്ദേ ശിച്ചിരിക്കുന്ന കൂദാശകൾ സ്വീകരിക്കുകയും, പ്രാർത്ഥനകളും അനുഷ്ടാനങ്ങളും അനുവർത്തിക്കു കയും ചെയ്യുക. അതുവഴി നമ്മുടെ ജീവിതങ്ങളും നമ്മുടെ കുടുംബങ്ങളും അനുഗ്രഹ പ്രദമായി തീരും.

